**POLICE** **DEPARTMENT**

**KERALA**

# PROCEEDINGS OF THE DISTRICT POLICE CHIEF
# DISTRICT POLICE OFFICE, IDUKKI

**Present : Narayanan T IPS**

Sub : ശ്രീ. അമീർഷാ ഓ എം, CPO യു 3304 (170925) നെതിരെയുള്ള അച്ചടക്ക നടപടി - വാച്യാന്വേഷണം - തീർപ്പ് ഉത്തരവാകുന്നത് സംബന്ധിച്ച്

Read : 1) ഈ ഓഫീസിലെ 23.3.2019 തീയതിയിലെ 245/2019/ID നമ്പർ ജില്ലാ ഉത്തരവും (A5(b)-4479/2019/ID) അനുബന്ധ രേഖകളും.
2) ഈ ഓഫീസിലെ 26.6.2019 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
3) ഇടുക്കി DCRB ഡിവൈഎസ്പി സമർപ്പിച്ച 5.11.2019 തീയതിയിലെ 413/പിആർ-01/DCRB/2019-ID നമ്പർ ശിക്ഷാ നടപടിക്കുറിപ്പുകൾ.
4) ഈ ഓഫീസിലെ 14.11.2019 തീയതിയിലെ ഇതേ നംബർ കാരണം കാണിക്കൽ നോട്ടീസ്.

**Order No : H2-28904/2019/ID Dated. 13-01-2020**

(H2/11/PR/2019-ID)

ശ്രീ. അമീർഷാ ഓ എം, സിവിൽ പോലീസ് ഓഫീസർ യു 3304 (170925) ഇടുക്കി ഏ ആർ ക്യാമ്പിൽ പ്രവർത്തിയെടുത്ത് വരവെ, 21/11/2018 തീയതി മുതൽ അവധി അപേക്ഷ ജില്ലാ സായുധ സേന റിസർവ്വ് ഇൻസ്പെക്ടർക്ക സമർപ്പിച്ച് അവധിയിൽ പ്രവേശിക്കുകയും തുടർന്ന 17/2/2019 തീയതി വരെയുള്ള കാലത്തേക്ക് വിവിധ ഘട്ടങ്ങളായി അവധി അപേക്ഷകളും, മെഡിക്കൽ സർട്ടിഫിക്കറ്റുകളും സമർപ്പിച്ച് അവധി ദീർഘിപ്പിച്ചിട്ടുള്ളതായും എന്നാൽ പ്രസ്തുത കാലയളവിന് ശേഷം 18/2/2019 തീയതി മുതൽ ജോലിയിൽ തിരികെ പ്രവേശിക്കേണ്ടിയിരുന്ന ടിയാൻ നാളിതു വരെ ജോലിയിൽ പ്രവേശിക്കാത്തതിനാൽ മേൽ സൂചന 1 പ്രകാരം ടിയാനെ 18.02.2019 തീയതി മുതൽ സേനയിൽ നിന്നും ഒളിച്ചോടിയതായി പ്രഖ്യാപിച്ചിട്ടുള്ളതാണ്.

അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ വളരെ കൃത്യനിഷ്ഠയോടും, അച്ചടക്കത്തോടും, ഉത്തരവാദിത്വത്തോടും മാന്യമായും ജോലി ചെയ്യുവാനും പൊതുജനങ്ങൾക്കും സേനയിലെ മറ്റംഗങ്ങൾക്കും മാതൃകയായി പ്രവർത്തിക്കുവാനും ബാധ്യസ്ഥനായ ശ്രീ. അമീർഷാ ഓ എം, CPO യു 3304 (170925) ന്റെ ഭാഗത്ത് നിന്നുണ്ടായ മേൽ പ്രവൃത്തി തികഞ്ഞ അച്ചടക്ക ലംഘനവും, സ്വഭാവ ദൂഷ്യവും, പോലീസ് സേനയുടെ അന്തസ്സിനും സൽപ്പേരിനും കളങ്കം ചാർത്തുന്നതുമാണെന്ന് പ്രഥമ ദൃഷ്ട്യാബോധ്യമാകയാൽ ടിയാനെതിരെയുള്ള മേൽപ്പറഞ്ഞ ആരോപണങ്ങളെക്കുറിച്ച് 1958-ആം ആണ്ടിലെ കേരളാ പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ 6 ആം വകുപ്പ് പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാനടപടികുറിപ്പുകൾ സമർപ്പിയ്ക്കുന്നതിന് ഈ ചട്ടങ്ങളിലെ 8(i)(iii) വകുപ്പ് പ്രകാരം ഡിസിആർബി DySP യെ ചുമതലപ്പെടുത്തികൊണ്ട് സൂചന 2 പ്രകാരം ഉത്തരവായിട്ടുള്ളതും, അന്വേഷണ ഉദ്യോഗസ്ഥൻ നിയമപ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി സൂചന 3 പ്രകാരം ശിക്ഷാ നടപടിക്കുറിപ്പുകൾ തീർപ്പ് കൽപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ളതാണ്.

മേല്പറഞ്ഞ ശിക്ഷാ നടപടിക്കുറിപ്പുകളും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിൽ ടിയാൻറെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള മേൽ പ്രവർത്തി തികഞ്ഞ അച്ചടക്ക ലംഘനവും, സ്വഭാവ ദൂഷ്യവും, പോലീസ് സേനയുടെ അന്തസ്സിനും സൽപ്പേരിനും കളങ്കം ചാർത്തുന്നതുമാണെന്നും, അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ കൂട്ടാക്കാതെ നടക്കുന്ന ടിയാൻറെ നിരുത്തരവാദപരമായ സമീപനം സർക്കാർ ജീവനക്കാരൻറെ സർവീസ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണന്നും ബോധ്യപ്പെട്ടിരിയ്ക്കുന്നു. വാച്യാന്വേഷണവേളയിൽ ശേഖരിച്ച സാക്ഷിമൊഴികളും മറ്റ് രേഖകളും സാഹചര്യത്തെളിവുകളും ഉന്നയിക്കപ്പെട്ട കുറ്റങ്ങളെല്ലാം ടിയാൻ ചെയ്തിട്ടുള്ളതായി സ്ഥാപിക്കുവാൻ പര്യാപ്തമാണ്. ആയതിനാൽ ടിയാനെതിരെയുള്ള മേൽപ്പറഞ്ഞ ആരോപിതകുറ്റങ്ങൾ തെളിയുന്നുണ്ടെന്നുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് പൂർണ്ണമായും യോജിച്ചുകൊണ്ട് തെളിഞ്ഞിട്ടുള്ള കുറ്റത്തിനുള്ള ശിക്ഷയായി ആരോപണവിധേയനായ ശ്രീ. അമീർഷാ ഓ എം, സിവിൽ പോലീസ് ഓഫീസർ യു 3304 (170925) നെ സർവീസ്സിൽ നിന്നും നീക്കം ചെയ്യുവാൻ (Removal from service) താത്കാലികമായി തീരുമാനിച്ചുകൊണ്ട് സൂചന 4 പ്രകാരം കാണിക്കൽ നോട്ടീസ് ഉത്തരവായിരുന്നതാണ്. ടി കാരണം കാണിക്കൽ നോട്ടീസ്

അസിസ്റ്റൻറ് കമാൻഡൻറ് ഇടുക്കി മുഖേന കുറ്റാരോപിതന് നല്കിയെങ്കിലും ആയത് നടത്തുവാൻ സാധിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. തുടർന്നു ടിയാൻറെ മേൽവിലാസത്തിൽ ടി കാരണം കാണിക്കൽ നോട്ടീസ് റെജിസ്റ്റേഡ് തപാൽ മാർഗ്ഗം അയച്ചിട്ടുള്ളതും എന്നാൽ ആയത് ടിയാൻ സ്വീകരിക്കാതെ മടങ്ങി വന്നതിനെ തുടർന്ന 24.12.2019 തീയതിയിലെ മാതൃഭൂമി ദിനപത്രത്തിലും 25.12.2019 തീയതിയിലെ ദേശാഭിമാനി ദിനപത്രത്തിലും ടി നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ ആയതിനു ശേഷവും, നിശ്ചിത സമയ പരിധിക്കുള്ളിലോ, നാളിതു വരെയും ടിയാൻ ഈ ഓഫീസിൽ ഹാജരായിട്ടില്ലാത്തതും, വിശദീകരണം ഒന്നും എഴുതി സമർപ്പിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ ഈ കാര്യത്തിലേക്ക് കുറ്റാരോപിതന് പ്രത്യേകിച്ച് ഒന്നും ബോധിപ്പിക്കുവാനില്ലായെന്ന നിഗമനത്തിൽ **ശ്രീ. അമീർഷാ ഓ എം, സിവിൽ പോലീസ് ഓഫീസർ യു 3304 (170925) നെ സേനയിൽ നിന്നും ഒളിച്ചോടിയതായി പ്രഖ്യാപിച്ചിട്ടുള്ള 18-02-2019 തീയതി മുതൽ സർവീസ്സിൽ നിന്നും നീക്കം ചെയ്തു കൊണ്ടുള്ള (Removal from service) മേൽ താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.**

മേൽപ്പറഞ്ഞ ഉത്തരവിനെതിരെ ഇതിന്റെ പകർപ്പ് കൈപ്പറ്റുന്ന തീയതി മുതൽ 60 ദിവസത്തിനകം ബഹുമാനപ്പെട്ട എറണാകുളം മേഖല പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ സമർപ്പിക്കാവുന്നതാണ്.



13-01-2020
Narayanan T IPS,
District Police Chief

To : ശ്രീ. അമീർഷാ ഓ എം, സിവിൽ പോലീസ് ഓഫീസർ യു 3304 (170925) നു AC AR മുഖേന.
ശിക്ഷാനടപടിക്കുറിപ്പുകളുടെ പകർപ്പ് സഹിതം

Copy To : AC AR ഇടുക്കി, പകർപ്പ് സഹിതം. ഒരു പകർപ്പ് ടിയാന് നല്കി മറുപകർപ്പിൽ തീയതിയോടുകൂടിയ ലക്ഷ്യം വാങ്ങി മടക്കി നല്കേണ്ടതാണ്.
സംസ്ഥാന പോലീസ് മേധാവി കേരളം,
അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ (ലോ & ഓർഡർ),
പോലീസ് ഇൻസ്പെക്ടർ ജനറൽ ദക്ഷിണമേഖല തിരുവനന്തപുരം,
പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എറണാകുളം റേഞ്ച് എന്നിവർക്ക് ഉപരിപത്രം സഹിതം .
അഡീ. എസ് പി, എ.എ, മാനേജർ, എ.ഒ , ഡിപിസി യുടെ സി എ എന്നിവർക്ക്.
A1, A2, A5(b),A6, F1(a), F2, F3(C) സെക്ഷനുകൾക്ക് അറിവിനും അനന്തരനടപടികൾക്കുമായി.
നടപടിക്രമം ഫയൽ.